**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **28-01-2026 - ൽ മറുപടിയ്ക്ക്**

**കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ; | (എ) | കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പ്രോജക്ട് ചെന്നൈ ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ എക്സ്റ്റൻഷനായി കേന്ദ്രസർക്കാർ അംഗീകരിച്ചു. ഈ കോറിഡോറിന്റെ ആദ്യ നോഡ് ആയാണ് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റേഴ്സ് (IMC) പാലക്കാട് വികസിപ്പിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സഹായ കരാറും (State Support Agreement SSA) ഓഹരി ഉടമ കരാറും (Shareholder agreement SHA) 2020 ഒക്ടോബർ 22-ന് ഒപ്പുവച്ചു. കൊച്ചി ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിന് വേണ്ടി, നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) - കേരള സർക്കാരിന് വേണ്ടി - KINFRA എന്നിവർ 50:50 ഓഹരി പങ്കാളിത്തത്തിൽ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KICDC) എന്ന SPV രൂപീകരിച്ചു. KICDC 2021 ഏപ്രിൽ 21-ന് സ്ഥാപിതമായി.<br><br>നോഡ് 1, ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (IMC) പാലക്കാട്, പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) എന്നീ മൂന്ന് ലാൻഡ് പാർസലുകളിലായി 1710 ഏക്കറിൽ വികസിപ്പിക്കും.<br><br>ഏകദേശം ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ, ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് സർക്കാരിന് ചെലവ് |

| | | | |
|---|---|---|---|
| | | | കണക്കാക്കിയിരിക്കുന്നത്. അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ച്ചർ) വികസനത്തിന് ആയി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം ആണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.<br><br>ഐഎംസി പാലക്കാട് യാഥാർത്ഥ്യം ആകുമ്പോൾ പാലക്കാട് ഒരു ഇൻഡസ്ട്രിയൽ സ്മാർട്ട് ടൗൺഷിപ്പായി മാറുന്നതാണ്. |
| (ബി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് സർക്കാരിന് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ കേരള സർക്കാർ ഇതിനകം ചിലവിട്ടു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. പദ്ധതി നിർവഹണം നിരീക്ഷിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടന്റായി Egis India Consulting Engineer Pvt. Ltd. (Egis Villes & Transport എന്നിവരുമായി ചേർന്ന കോൺസോർഷ്യം) 02.05.2025-ന് നിയമിച്ചു.<br><br>നിലവിൽ (Phase-1 Pudussery Central & Kannambra) പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള പാക്കേജ്-1 ടെൻഡർ നടപടികൾ പൂർത്തിയാക്കി, 2025 സെപ്റ്റംബർ 24-ന് ദിലീപ് ബിൽഡ് കോൺ ലിമിറ്റഡ് + PSP പ്രോജെക്ട്സ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർനു അവാർഡ് ചെയ്തു. GST ഉൾപ്പെടെ 1316.13 കോടി രൂപയാണ് അവാർഡ് തുക. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾ 42 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. |
| (സി) | ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതി March 2029-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ